**മെരുവമ്പായി എം യു പി സ്കൂൾ**

TEACHING MANUAL
[prepared by SUSHAMA PK, UPST MMUP]

class 6
വിഷയം മലയാളം കേരളപാഠാവലി

യൂണിറ്റ് 1 സ്നേഹസ്പർശം

# പാഠം 3

## മയന്റെ മായാജാലം

പഠനനേട്ടം: സാഹിത്യകൃതികളിലെ വാങ്മയ ചിത്രങ്ങൾ വായിച്ച് ആസ്വദിച്ച് വർണ്ണനാ, ദൃക്സാക്ഷിവിവരണം എന്നിവ തയ്യാറാക്കുന്നു.

ആശയം /ധാരണ: സൂക്ഷ്മമായ വർണ്ണനകൾ കുഞ്ചൻ നമ്പ്യാരുടെ കൃതികളുടെ പ്രത്യേകതയാണ്.

വായനക്കാരുടെ മനസ്സിനെ ഭാവന ലോകത്തേക്ക് നയിക്കുന്ന ഭാഗങ്ങൾ കവിതകളിൽ ഉണ്ടാകാറുണ്ട്,

ശബ്ദ പൊലിമകൊണ്ട് കാവ്യഭംഗി ഉണ്ടാകുന്നു.

ദൃക്സാക്ഷി വിവരണങ്ങൾ കേൾക്കുന്നവരിൽ നേർകാഴ്ചയുടെപ്രതീതി ഉണ്ടാക്കുന്നു.

പഠനസാമഗ്രികൾ: ചിത്രങ്ങൾ കവിതയുടെ ഓഡിയോ ടെക്സ്റ്റ് ബുക്ക്

പ്രവർത്തനം 1

ചൊല്ലാം രസിക്കാം

ഭാവിയിലെ ചില കാര്യങ്ങൾ കുട്ടികളോട് ഭാവനയിൽ കാണാൻ ആവശ്യപ്പെടുന്നു

നാളത്തെ വീട്, വീട്ടിനകത്തെ വസ്തുക്കൾ

നാളത്തെ നഗരക്കാഴ്ച

ഇനി വരാൻപോകുന്ന ടിവി മൊബൈൽ ഫോൺ എന്നിവ

ഭാവിയിലെ ഭക്ഷണരീതി വസ്തുങ്ങൾ

കുട്ടികളോട് സ്വതന്ത്രമായി അവർക്ക് പറയാനുള്ള കഥ പറയാൻ പറയുന്നു.

അതിനുശേഷം ടീച്ചർ പാണ്ഡവർക്ക് വേണ്ടി മയൻനിർമ്മിച്ച അത്ഭുത കൊട്ടാരത്തെ കുറിച്ചുള്ള കഥ വിവരിക്കുന്നു(slide 1 കഥ )

പ്രവർത്തനം 2

കുട്ടികളോട് കാവ്യഭാഗം വ്യക്തിഗതമായി വായിക്കാൻ പറയുന്നു.

അതിനുശേഷം താളത്തിൽ ചൊല്ലി അവതരിപ്പിക്കാൻ പറയുന്നു.
അദ്ധ്യാപിക കവിതയുടെ വീഡിയോകാണിക്കുന്നു

((2 വീഡിയോ )

പ്രവർത്തനം 3

അക്ഷരാവർത്തനം വരുന്ന പദങ്ങളും

പദചേർച്ചകളും കണ്ടെത്തി എഴുതാൻ പറയുന്നു.( 3 slide)

പദങ്ങളുടെയും പദ ചേർച്ചകളുടെയും അർത്ഥംകുട്ടികളോട് ചർച്ചചെയ്ത് എഴുതാൻ പറയുന്നു.

പ്രവർത്തനം 4

പാഠഭാഗത്തു നിന്നും പുതുതായി പരിചയപ്പെട്ട പദങ്ങൾ കുട്ടികളോട് വ്യക്തിഗതമായി പട്ടിക പെടുത്താൻ പറയുന്നു

പ്രവർത്തനം 5

കണ്ടെത്താം പറയാം

കുട്ടികളോട് പാഠഭാഗം വീണ്ടും വായിച്ചതിനുശേഷം ടെസ്റ്റ് ബുക്കിലെ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ പറയുന്നു.

ഗോപുരങ്ങൾ മാളികകൾ ചുറ്റുമതിലുകൾ എന്നിവയുടെ സൗന്ദര്യം വർണ്ണിക്കുന്നത് എങ്ങനെയാണെന്ന് എഴുതാൻ പറയുന്നു

ക്രോഡീകരണം

ഗോപുരങ്ങൾ തീക്കനൽ പോലെ( സ്വർണ്ണ നിർമ്മിതമായ ഗോപുരങ്ങൾ വെയിലേറ്റ് തീക്കനൽ പോലെ തോന്നിക്കുന്നു)

പത്തരമാറ്റുള്ള തങ്ക പ്രകാശത്തെ കുത്തികവർന്നെടുത്തതു പോലെ പത്തനപംക്തികൾ( പൊന്നു കൊണ്ടു പണിത കൊട്ടാരം നിരകൾ സൂര്യപ്രകാശത്തിൽ മിന്നിത്തിളങ്ങുന്നു)

മുത്തു പവിഴം മാണിക്യം എന്നീ രത്നങ്ങളുടെ ഒത്തുചേർന്നുള്ള തിളക്കമാണ് ചുറ്റുമതിൽ ഉള്ളത്.(4 slide)

പ്രവർത്തനം 6

കണ്ടെത്താം എഴുതാം

"അച്ഛസ്ഫടിക പ്രദേശങ്ങളും പിന്നെ സ്വപ്നങ്ങളാകും തടാകങ്ങളും "എന്ന വരികൾ പാഠഭാഗത്തു കണ്ടെത്തി അവയുടെ ആശയംചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കാൻ പറയുന്നു.

വൃക്ഷങ്ങൾ വീഥികൾ എന്നിവയുടെ പ്രത്യേകത സൂചിപ്പിക്കുന്ന വരികൾ ഏതൊക്കെയാണ് കുട്ടികളോട് കണ്ടെത്തി ചൊല്ലാൻ പറയുന്നു

അതിനുശേഷം ഈ വരികളുടെ ആശയം ചർച്ച ചെയ്യാൻ പറയുന്നു

ചർച്ച

വൃക്ഷങ്ങൾ നിൽക്കുന്നത് എവിടെയാണ്?

എങ്ങനെയുള്ളവയാണ് വൃക്ഷങ്ങൾ?

നദി ഒഴുകുന്ന പ്രദേശം എങ്ങനെയുള്ളതാണ്? (5slide)

വീഥികൾ കാണുന്നത് എവിടെയാണ്?

വ്യക്തിഗതമായി  കുറിപ്പ് തയ്യാറാക്കാൻ പറയയുന്നു.

പ്രവർത്തനം 7

ദൃക്സാക്ഷി വിവരണം തയ്യാറാക്കുക

ഇന്ദ്രപ്രസ്ഥത്തിൽ മയൻ നിർമ്മിച്ച വിസ്മയ കാഴ്ചകൾ കവി അവതരിപ്പിച്ചത് പോലെ ഇത് നിങ്ങൾ നേരിട്ട് കാണുകയാണ് എന്ന് കരുതി അതിന്റെ ദൃക്സാക്ഷിവിവരണം തയ്യാറാക്കുക?.

പ്രവർത്തനം 8

മഹാഭാരതകഥകൾ വായിച്ച മയൻ ഇന്ദ്രപ്രസ്ഥം നിർമ്മിക്കാൻ ഇടയായ സാഹചര്യം ക്ലാസ്സിൽ പറയുക.

തുടർ പ്രവർത്തനം

നമ്പ്യാർ കൃതികളിലെ രസകരമായ വരികൾ ശേഖരിച്ച് പതിപ്പ് തയ്യാറാക്കുക.

ഒരു ചിത്രം, മയന്റെ മായാജാലം, ഓടയിൽ നിന്ന് ഇന്ന് പാഠഭാഗങ്ങൾ വായിച്ചപ്പോൾ നിങ്ങളുടെ മനസ്സിൽ തെളിഞ്ഞുവരുന്ന ചിത്രങ്ങൾ എന്തെല്ലാമാണ് അവയുടെ പ്രത്യേകതകൾ താരതമ്യം ചെയ്യുക.